പഞ്ചായത്ത് തിരഞ്ഞെടുപ്പ്; ഉദുമയിൽ ലീഗ് പാർലമെന്ററി ബോർഡ് പ്രഖ്യാപിച്ചു

കാസർകോട്: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉദുമ നിയോജക മണ്ഡലത്തിലെ പഞ്ചായത്ത് തല പാർലമെന്ററി ബോർഡിനെ പ്രസിഡന്റ് കെ.ഇ.എ. ബക്കറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മണ്ഡലം ഭാരവാഹികളുടെ യോഗം പ്രഖ്യാപിച്ചു. എ.ബി. ശാഫി, ഹമീദ് മാങ്ങാട്, സാലിഹ് ഹാജി തൊട്ടി, എം.എസ്. ശുക്കൂർ പ്രസംഗിച്ചു.ഉദുമ മണ്ഡലം പാർലിമെന്ററി ബോർഡ് അംഗങ്ങളായി അസീസ് മരിക്കെ, മൂസ ബി ചെർക്കള, നാസർ ചായിന്റടി, കെ.ഇ.എ. ബക്കർ , എ. ബി. ശാഫി,ഹമീദ് മാങ്ങാട് എന്നിവരെ ജില്ലാ കമ്മിറ്റി നേരത്തെ പ്രഖ്യാപിച്ചിരുന്നു.

മറ്റ് അംഗങ്ങൾ: കാപ്പിൽ മുഹമ്മദ് പാഷ, സത്താർ മുക്കുന്നോത്ത്, ഖാദർ ആലൂർ, ഹാജി, അബ്ദുല്ല ഹുസൈൻ, അബ്ദുല്ല കുഞ്ഞി കീഴൂർ, ബി.കെ. ഇബ്രാഹിം ഹാജി ബെണ്ടിച്ചാൽ(ചെമ്മനാട്).

കല്ട്ര അബ്ദുൽ ഖാദർ, പി.എ. അബൂബക്കർ ഹാജി, അഷിഫ് മാളികെ, കെ.ബി. എം.ഷരീഫ് കാപ്പിൽ, എം. എച്ച്. മുഹമ്മദ്കുഞ്ഞി, ശംസുദ്ദീൻ ഓർബിറ്റ് (ഉദുമ).

കെ.എ. മുഹമ്മദലി, പാറയിൽ അബൂബക്കർ, അബ്ബാസ് കൊളച്ചെപ്പ്, ഹനീഫ കുന്നിൽ, സിദ്ധീഖ് പള്ളിപ്പുഴ, കെ. എം. അബ്ദുൽ റഹ്മാൻ(പള്ളിക്കര).

സി.എൽ. റഷീദ് ഹാജി, ടി.പി. കുഞ്ഞബ്ദുല്ല ഹാജി, ഷാനവാസ് എം.ബി., കെ. ബി. മുഹമ്മദ് കുഞ്ഞി, എസ്.എം.മുഹമ്മദ് കുഞ്ഞി, എം.കെ. അബ്ദുൽ റഹ്മാൻ ഹാജി (മുളിയാർ).

എം.എസ്. ഷുക്കൂർ, ബി. എം. അഷറഫ്, മൻസൂർ മല്ലത്ത്, സി.എച്ച്. അഷറഫ് ഹാജി, കെ.പി. സിറാജ് പള്ളങ്കോട്, ബഷീർ പള്ളങ്കോട് (ദേലംബാടി).

സാലിഹ് ഹാജി തൊട്ടി, ഖാലിദ് ബെള്ളിപ്പാടി, ഹാരിസ് തൊട്ടി, ഷറഫുദ്ദീൻ കുണിയ, മുസ്തഫ പാറപ്പള്ളി, വി. അബ്ദുല്ല(പുല്ലൂർ പെരിയ). ഷെരീഫ് കൊടവഞ്ചി, മുനീർ തുരുത്തി, റൗഫ് ബായിക്കര, മുഹമ്മദ് കുട്ടി മാസ്റ്റർ, ലത്തീഫ് പടുപ്പ്, ഖാദർ ഹാജി മാണി മൂല (കുറ്റിക്കോൽ).

ഉപവസിച്ചു

കാഞ്ഞങ്ങാട്: ജില്ലാ ആശുപത്രിയിൽ മുഴുവൻ രോഗികൾക്കും ചികിത്സ നൽകണമെന്നും, തെക്കിൽ വില്ലേജിൽ ടാറ്റ പണിതു നൽകിയ കോവിഡ് ഹോസ്പിറ്റലിൽ ആവശ്യമായ സജ്ജീകരണങ്ങൾ നടത്തി രോഗികളെ കിടത്തി ചികിത്സിക്കണമെന്നാവശ്യപ്പെട്ടും ജില്ലാ മെഡിക്കൽ ആഫീസിനു മുന്നിൽ ആരംഭിച്ച അനിശ്ചിതകാല സമരത്തിൽ ആദിവാസി നേതാക്കൾ ഉപവസിച്ചു. ഡോ:അംബികാസുതൻ മാങ്ങാട് ഉദ്ഘാടനം ചെയ്തു. കോവിഡ് രോഗികളെ പോലെ തന്നെ മറ്റു രോഗികളുടെ പരിതാപകരമായ അവസ്ഥ മനസിലാക്കി ജില്ലാ ആശുപത്രിയെ പൂർവ്വസ്ഥിതിയാലാക്കാൻ ഉത്തരവാദപ്പെട്ടവർ വേണ്ട തീരുമാനങ്ങളെടുക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. യൂസഫ് ഹാജി ആധ്യക്ഷം വഹിച്ചു. ഡോ: ഖാദർ മാങ്ങാട്, രമേശൻ മലയാറ്റുകര, ടി. മുഹമ്മദ് അസ്ലം, ഫൈസൽ ചേരക്കാടത്ത്, നാസർ കൊട്ടിലങ്ങാട്, രാമചന്ദ്രൻ. കെ.പി, പവിത്രൻ തോയമ്മൽ സംസാരിച്ചു. ഉപവാസ സമരത്തിൽ രണദീപൻ കുഴിക്കോൽ, ബിജു കുളിമാവ്, പ്രിയേഷ് കുമാർ, രമേശൻ മലയാറ്റുകര, രഘു. കെ, വിഷ്ണു പാണത്തൂർ സംസാരിച്ചു. കാഞ്ഞങ്ങാട് ലയൺസ് ക്ലബ്ബ് പ്രസിഡണ്ട് പി.എൽ. ആന്റോ സത്യാഗ്രഹികൾക്ക് നാരങ്ങാനീര് നൽകി.

എസ്. ടി. യു ധർണ്ണ നടത്തി

കാഞ്ഞങ്ങാട് : എസ് ടിയു ദേശീയ പ്രക്ഷോഭത്തിന്റെ ഭാഗമായി ഹെഡ് പോസ്റ്റാഫീസിന് മുന്നിൽ ധർണ്ണാ സമരം സംഘടിപ്പിച്ചു. ജില്ലാ കമ്മിറ്റി അംഗം ജാഫർ മുവാരിക്കുണ്ട് ധർണ്ണ ഉദ്ഘാടനം ചെയ്തു. മേഖലാ യൂണിറ്റ് പ്രസിഡണ്ട് സി.എച്ച്.സുബൈദ ആധ്യക്ഷം വഹിച്ചു. സെവൻസ്റ്റാർ അബ്ദുൾ റഹ്മാൻ, യു ടി ഖാദർ, അബ്ദുൾ റഹ്മാൻ ഹദ്ദാദ്, കുഞ്ഞബ്ദുല്ല പടന്നക്കാട് എന്നിവർ പ്രസംഗിച്ചു.

14 വർഷത്തെ കാത്തിരിപ്പിനൊടുവിൽ പത്തര സെന്റ് ഇബ്രാഹിമിന് സ്വന്തം

ഇബ്രാഹിമും ഭാര്യ ഫാത്തിമയും

കാസർകോട്: പൊന്നാനിയിൽ നിന്നും ഹോട്ടൽ ജീവനക്കാരനായി കാസർകോട്ടെത്തിയ ഇബ്രാഹിമിനും കുടുംബത്തിനും ഇനി ആശ്വസിക്കാം. 14 വർഷത്തെ കാത്തിരിപ്പിനും കഷ്ടപ്പാടിനുമൊടുവിൽ ഈ സർക്കാരിന്റെ കനിവിൽ ദമ്പതികൾക്ക് സ്വന്തം പേരിൽ ഭൂമി ലഭിച്ചു. പള്ളിക്കര പഞ്ചായത്തിലെ പള്ളാരത്തെ സർക്കാർ ഭൂമിയിൽ താമസിച്ചു വരുന്ന ഭൂമിയാണ് റവന്യൂ വകുപ്പ് ഇബ്രാഹിമിനും ഭാര്യ ഫാത്തിമയ്ക്കും പതിച്ചു നൽകിയത്.

24 വർഷങ്ങൾക്ക് മുൻപ് ജോലി തേടി കാസർകോട്ടെത്തിയതായിരുന്നു ഇബ്രാഹിമും കുടുംബവും. പത്ത് വർഷത്തോളം ഇവർ കുടകിൽ വാടകയ്ക്ക് താമസിച്ചു. മൂന്ന് പെൺകുട്ടികളും ഒരു മകനും അടങ്ങിയ കുടുംബത്തിന്റെ നട്ടെല്ലായ ഇബ്രാഹിം (73) പ്രായാധിക്യവും ഹൃദയ സംബന്ധമായ അസുഖവും ബാധിച്ച് വിശ്രമത്തിലാണ്. ഭാര്യ ഫാത്തിമ (59) യും ഹൃദ്രോഗിയാണ്. ഒരു മകൾ മരണപ്പെട്ടു. അവിവാഹിതയായ ഇളയ മകളും വൃദ്ധ ദമ്പതികളുമാണ് പള്ളാരത്തെ ഓടിട്ട കൂരയിൽ താമസിച്ചു വരുന്നത്.

മരുമകൻ ചിലവിനായി നൽകുന്ന ചെറിയ തുകയും ഇബ്രാഹിമിന്റെ വാർധക്യ പെൻഷനും മാത്രമാണ് നിലവിൽ ഈ കുടുംബത്തിന്റെ വരുമാനം.

ശസ്ത്രക്രിയക്കുള്ള തുക കൈവശമില്ലാത്തതിനാൽ ഓപ്പറേഷൻ നടത്താതെ പരിയാരം മെഡിക്കൽ കോളേജിലും ജില്ലാ ആശുപത്രിയിലമായി ചികിത്സ തേടി വരികയാണ്. കഷ്ടതകൾക്കിടയിലും ഒരിക്കലും കിട്ടില്ലെന്ന് നിനച്ചിരുന്ന പത്തര സെന്റ് സ്ഥലമാണ് സ്വന്തം പേരിൽ പതിച്ചു കിട്ടിയത്. ജീവിത സ്വപ്നം യാഥാർഥ്യമായതിന്റെ സന്തോഷത്തിലാണ് ഇബ്രാഹിമും കുടുംബവും.

ശുദ്ധജല ലഭ്യത ഉറപ്പാക്കാൻ 'ജെം'

ജെം സംഘടനയുടെ ഉദ്ദേശ്യങ്ങൾ സംബന്ധിച്ചുള്ള ബ്രോഷർ പ്രകാശന ചടങ്ങ്

കാസർകോട്: കാസർകോടിന്റെ ശുദ്ധജല ലഭ്യത ഉറപ്പാക്കാൻ ജെമിന്റെ പ്രവർത്തനം കൊണ്ട് സാധിക്കണമെന്ന് ജില്ലാ കലക്ടർ. ഗ്രീൻ എർത്ത് മൂവ്മെന്റ് (ജെം) എന്ന സർക്കാരിതര സംഘടന ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭൂഗർഭജല ലഭ്യത ഏറെ ഭീഷണിയിലായിരിക്കുന്ന ഈ പ്രദേശത്ത് അനധികൃതമായി കുഴൽക്കിണർ കുഴിച്ചാൽ വൻ തുക പിഴ ഈടാക്കുമെന്നും അദ്ദഹം പറഞ്ഞു. ജില്ലാ ഭരണകൂടത്തിന് ചെക്ക്ഡാമുകൾ നിർമ്മിക്കുന്നതിനും, കുളങ്ങൾ കുഴിക്കുന്നതിനും, തുറന്ന കിണറുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ജെമിന്റെ പിന്തുണ ആവശ്യമാണ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കോൺഫറൻസ് ഹാളിലാണ് പരിപാടി ഉദ്ഘാടനം ചെയ്തത്. യോഗത്തിൽ കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം ഡയറക്ടർ ഡോ. അനിത കരുൺ മുഖ്യാതിഥി ആയി പങ്കെടുത്ത് ജെമിന്റെ ഉദ്ദേശലക്ഷ്യങ്ങളെ കുറിച്ചുള്ള വിശദമായ ബ്രോഷർ പ്രകാശനം ചെയ്തു. യോഗത്തിൽ പ്രസിഡണ്ട് വി.സുകുമാരൻ നായർ അദ്ധ്യക്ഷനായിരുന്നു. സെക്രട്ടറി ഡോ.കെ.എം. അബ്ദുൾ അഷറഫ് മുഖ്യപ്രഭാഷണം നടത്തി. കാസർകോട് വികസന പാക്കേജ് സ്പെഷ്യൽ ഓഫീസർ ഇ.പി.രാജ്മോഹനൻ, പാലക്കാട് ഐ ആർ ടി സി ഡയറക്ടർ ഡോ.എസ്. ശ്രീകുമാർ, വാട്ടർ അതോറിറ്റി എക്സിക്യൂട്ടിവ് എഞ്ചിനീയർ സുദീപ് കെ, നബാർഡ് എ ജി എം ജോതിസ് ജഗന്നാഥൻ, ഗവ.കോളേജ് ജിയോളജി വകുപ്പ് മേധാവി ഡോ.എ.എൻ. മനോഹരൻ, പ്രൊഫ.വി.ഗോപിനാഥൻ തുടങ്ങിയവർ ആശംസകളർപ്പിച്ചു. കെ.വി.മോഹനൻ സ്വാഗതവും, ട്രഷറർ എ പ്രഭാകരൻ നായർ നന്ദിയും പറഞ്ഞു. ജില്ലയിലെ കുടിവെള്ള പ്രശ്നങ്ങൾക്കും, പ്രകൃതി ദുരന്തങ്ങൾക്കും, മാലിന്യനിർമ്മാർജ്ജനത്തിനും, മണ്ണ് സംരക്ഷണത്തിനും, ദുരന്ത നിവാരണ പരിപാടികൾക്കും, മഴ വെള്ള സംഭരണത്തിനും, ഭൂജല സംരക്ഷണത്തിനും, വിദഗ്ദ്ധ പരിശീലനത്തിനും, പരിസ്ഥിതി അവബോധത്തിനും, പരിസ്ഥിതി ആഘാത പഠനത്തിനും, ഗവേഷണത്തിനും സജ്ജരായി ഔദ്യാഗിക മേഖലയിൽ നിന്ന് റിട്ടയർ ചെയ്ത ശാസ്ത്രജ്ഞരുടെ ഒരു കൂട്ടായ്മയാണ് ജെം.

ഭരണാനുമതി നൽകി

കാസർകോട്: റവന്യൂ മന്ത്രി ഇ ചന്ദ്രശേഖരന്റെ പ്രത്യേക വികസന നിധിയിൽ നിന്നും മൂന്ന് പ്രവൃത്തികൾക്കായി 30 ലക്ഷം രൂപ അനുവദിച്ചു. പ്രവൃത്തികൾക്ക് ജില്ലാ കളക്ടർ ഡോ ഡി സജിത് ബാബു ഭരണാനുമതി നൽകി.കോടോം-ബേളൂർ പഞ്ചായത്തിലെ കലയന്തടം-കേളോത്ത് റോഡ് വീതികൂട്ടി ടാറിങ്,പനത്തടി പഞ്ചായത്തിലെ വട്ടക്കുണ്ട്-കാര്യങ്ങാനം റോഡ് ടാറിങ്,കള്ളാർ പഞ്ചായത്തിലെ അയ്യൻകാവ്-വളയംകുണ്ട് റോഡ് ടാറിങ് എന്നീ മൂന്ന് പ്രവൃത്തികൾക്കാണ് പത്ത് ലക്ഷം രൂപ വീതം അനുവദിച്ചത്.

ജില്ലയിലെ അഞ്ച് സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണോദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു

കാസർകോട്: നടപ്പ് സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി ജില്ലയ്ക്ക് പുതുതായി അനുവദിച്ച പഡ്രെ, തെക്കിൽ, കുഡ്ലു, തുരുത്തി, കാഞ്ഞങ്ങാട് സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ വീഡിയോ കോൺഫറൻസിങ് വഴി നടത്തി. സംസ്ഥാനത്തെ 159 സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണോദ്ഘാടനത്തിന്റെ ഭാഗമായാണ് ഇതും നടത്തിയത്.

ഇതിന്റെ ഭാഗമായി കളക്ടറേറ്റിൽ സംഘടിപ്പിച്ച ജില്ലാതല പരിപാടിയിൽ എൻ എ നെല്ലിക്കുന്ന് എം എൽ എ ആധ്യക്ഷം വഹിച്ചു. 2018-19 വർഷത്തെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി ജില്ലക്ക് അനുവദിച്ച, ചെറുവത്തൂർ, ചിത്താരി സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ പ്രവർത്തനോദ്ഘാടനവും മുഖ്യമന്ത്രി നിർവഹിച്ചു. ഇതിനോടബനുന്ധിച്ച് ജില്ലാതലത്തിൽ പട്ടയം വിതരണവും നടത്തി. പരിപാടിയുടെ ഭാഗമായി 541 പേർക്കാണ് ജില്ലയിൽ പട്ടയം അനുവദിച്ചത്. ചടങ്ങിൽ രാജ് മോഹൻ ഉണ്ണിത്താൻ എം പി, എം എൽ എമാരായ കെ കുഞ്ഞിരാമൻ, എം സി ഖമറുദ്ദീൻ.സബ് കളക്ടർ ഡി ആർ മേഘശ്രീ, ആർ ഡി ഒ ഷംസുദ്ദീൻ എന്നിവർ സംബന്ധിച്ചു. ജില്ലാകളക്ടർ ഡി സജിത് ബാബു സ്വാഗതവും എ ഡി എം എൻ ദേവീദാസ് നന്ദിയും പറഞ്ഞു.

എം എസ് എഫ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന അവകാശ സംരക്ഷണ ജാഥക്ക് യൂത്ത് ലീഗ് ചെങ്കള പഞ്ചായത്ത് കമ്മിറ്റി നൽകിയ സ്വീകരണം

എം.എസ്.എഫ് അവകാശ സംരക്ഷണ ജാഥയ്ക്ക് സ്വീകരണം

ചെർക്കള: ഇടത് സർക്കാറിന്റെ സംവരണ അട്ടിമറിക്കും, മലബാർ ജില്ലകളോടുള്ള അവഗണനക്കും, വിദ്യാഭ്യാസ അവകാശ നിഷേധത്തിനുമെതിരെ എം.എസ്.എഫ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ വിദ്യാർത്ഥി അവകാശ സംരക്ഷണ ജാഥയ്ക്ക് മുസ്ലിം യൂത്ത് ലീഗ് ചെങ്കള പഞ്ചായത്ത് കമ്മിറ്റി ചെർക്കള - ചെങ്കള-നായന്മാർമൂല എന്നിവിടങ്ങളിൽ സ്വീകരണം നൽകി.

പഞ്ചായത്ത് യൂത്ത് ലീഗ് പ്രസിഡന്റ് എം.എം നൗഷാദ് ജാഥ നായകൻ അനസ്, സലാം തുടങ്ങിയവരെ ഹാരാർപ്പണം ചെയ്തു. നാസർ, ഹാരിസ്, ബദറുദ്ധീൻ ആർ.കെ, അഷ്റഫ്, അബ്ദുൽ കാദർ, ഫൈസൽ, അന്തു, ബഷീർ, ജുനൈദ്, അഷ്റഫ് സംബന്ധിച്ചു.

എൻ എസ് എസ് പതാകദിനം ആചരിച്ചു

കാഞ്ഞങ്ങാട്: എൻ എസ് എസ് പതാകദിനം ആചരിച്ചു. ഹൊസ്ദുർഗ് താലൂക്ക് കരയോഗ യൂണിയൻ ഓഫീസിൽ പതാക ഉയർത്തി താലൂക്ക് യൂണിയൻ പ്രസിഡണ്ട് പി.യു. ഉണ്ണികൃഷ്ണൻ നായർ പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. ആർ മോഹനകുമാർ, പ്രഭാകരൻ നായർ തുടങ്ങിയവർ സംബന്ധിച്ചു.

ശിശുദിന പ്രസംഗ മത്സരം

കാസർകോട്: ശിശുദിനത്തിന്റെ ഭാഗമായി ജില്ലാ ശിശുക്ഷേമ സമിതി കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിക്കുന്ന വിദ്യാർത്ഥികളുടെ പാർലിമെന്റിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് ജില്ലയിലെ നാല് മുതൽ ഏഴ് വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രസംഗ മത്സരം സംഘടിപ്പിക്കുന്നു. കന്നഡ വിഭാഗത്തിൽ നിന്ന് രണ്ടും മലയാള വിഭാഗത്തിൽ നിന്ന് മൂന്ന് പേരെയുമാണ് തെരഞ്ഞെടുക്കുക. നവംബർ എട്ടിന് രാവിലെ 11 മുതൽ 12 വരെയാണ് മത്സരം.

സർക്കാരുകളുടെ വ്യാപാരി ദ്രോഹ നടപടികൾക്കെതിരെ കെവിവിഇഎസ് കോട്ടിക്കുളം യൂണിറ്റ് ഉദുമ പഞ്ചായത്ത് ഓഫീസിന് മുൻപിൽ നടത്തിയ പ്രതിഷേധ സമരം കെ. നീലകണ്ഠൻ ഉദ്ഘാടനം ചെയ്യുന്നു.

കുമ്പള ഹയർസെക്കൻഡറി സ്കൂളിന് മൂന്ന് കോടി രൂപയുടെ പുതിയ കെട്ടിടം; തറക്കല്ലിടൽ മുഖ്യമന്ത്രി നിർവ്വഹിച്ചു

കാസർകോട്: കുമ്പള ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിന് കിഫ്ബിയിലൂടെ മൂന്ന് കോടി രൂപയുടെ പുതിയ കെട്ടിടം വരുന്നു. ശിലാസ്ഥാപനം വീഡിയോ കോൺഫറൻസിലൂടെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് ആധ്യക്ഷം വഹിച്ചു. ധനമന്ത്രി ഡോ. ടി എം തോമസ് ഐസക്, പൊതുവിദ്യാഭ്യാസ ഡയറക്ടർ ജീവൻ ബാബു, പൊതുവിദ്യാഭ്യാസ സെക്രട്ടറി എ ഷാജഹാൻ സംബന്ധിച്ചു. എംസി ഖമറുദ്ദീൻ എം എൽ എ ശിലാഫലകം അനാഛാദനം ചെയ്തു. മൂന്ന് നിലയിൽ നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിൽ 15 ക്ലാസ് മുറികളാണ് ഉണ്ടാവുക. മൂന്ന് നിലയിലും ടോയ്‌ലറ്റ് അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തും. ഹൈസ്കൂൾ വിഭാഗത്തിന് വേണ്ടി ഈ ക്ലാസുകൾ ഉപയോഗപ്പെടുത്തും. ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 50 ലക്ഷം രൂപ ചെലവിൽ നിർമിച്ച കെട്ടിടം എംസി ഖമറുദ്ദീൻ എം എൽ എ ഉദ്ഘാടനം ചെയ്തു. പുതുതായി സ്ഥാപിച്ച സോളാർ പ്ലാന്റ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ ജി സി ബഷീർ ഉദ്ഘാടനം ചെയ്തു. പിടിഎ യുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ നവീകരിച്ച സ്കൂൾ അടുക്കളയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു. മൂന്ന് നിലയിലായി ആറു ക്ലാസ്റൂമുകളാണ് ഈ കെട്ടിടത്തിലുള്ളത്.

ഈറ്റ് റൈറ്റ് കാസർകോടിന്റെ ലോഗോ ജില്ലാ കളക്ടർ ഡി.സജിത് ബാബു പ്രകാശനം ചെയ്യുന്നു

ക്ഷീരകർഷക പരിശീലനം

കാസർകോട്: മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലെ ക്ഷീരകർഷകർക്കായി കേരളസർക്കാർ ക്ഷീര പരിശീലന കേന്ദ്രം ക്ഷീരകർഷക ക്ഷേമനിധി എന്ന വിഷയത്തിൽ നവംബർ 10ന് വൈകീട്ട് 3.30 ന് ഓൺലൈനായി ക്ലാസ് സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ള ക്ഷീരകർഷകർ dtckkdonlinterg@gmail.com എന്ന ഇ-മെയിലിൽ പേരും ഫോൺനമ്പറും മുൻകൂട്ടി രജിസ്റ്റർ ചെയ്യണം.

ധർണ്ണ നടത്തി

കാഞ്ഞങ്ങാട്: മക്കൾക്കും ബന്ധുജനങ്ങൾക്കും വേണ്ടി മാത്രം ഭരണം നടത്തുന്ന രക്ഷിതാക്കളുടെ കൂട്ടായ്മയായി പിണറായി സർക്കാർ മാറിയെന്ന് കെ.പി.സി.സി സെക്രട്ടറി എം. അസിനാർ കുറ്റപ്പെടുത്തി.

ജീവനക്കാരുടെ അവകാശങ്ങൾ ഒന്നൊന്നായി ഇല്ലാതാക്കുന്നതിനെതിരെയും, വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ടും സംസ്ഥാന കമ്മിറ്റിയുടെ ആഹ്വാന പ്രകാരം കാഞ്ഞങ്ങാട് മിനി സിവിൽ സ്റ്റേഷനു മുന്നിൽ ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ നടത്തിയ ധർണ്ണ ഉൽഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അസിനാർ. കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ ജില്ലാ പ്രസിഡണ്ട് പി.എം.ജോസഫ് ആധ്യക്ഷം വഹിച്ചു. സംസ്ഥാന സെക്രട്ടറി ഡോ. ടിറ്റോ ജോസഫ്, സുനിൽകുമാർ.സി, ഇ.ദശരഥൻ, ജയപ്രകാശ്, ടി.രമേശൻ എന്നിവർ പ്രസംഗിച്ചു.

കടൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്തു

കാസർകോട്: ഓഖി പദ്ധതിയുടെ ഭാഗമായി ഫിഷറീസ് വകുപ്പ് ജില്ലയിലെ പത്ത് സുരക്ഷാ സ്കാഡ് അംഗങ്ങൾക്ക് സുരക്ഷാ ഉപകരണങ്ങളും, യൂണിഫോമും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു. സുരക്ഷാ സ്കാഡ് അംഗങ്ങൾക്കുള്ള കടൽ സുരക്ഷാ ഉപകരണ വിതരണത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മ ഓൺലൈനിൽ നിർവ്വഹിച്ചു. ജില്ലാതല ഉദ്ഘാടനം കസബ കടപ്പുറത്ത് എൻ. എ നെല്ലിക്കുന്ന് എം എൽ എ നിർവ്വഹിച്ചു. ജില്ലാ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ പി.വി.സതീശൻ ആധ്യക്ഷം വഹിച്ചു. എം.ചന്ദ്രൻ, എം. ഉമ, ഷെരീഫ് സംബന്ധിച്ചു.

62 വർഷത്തെ കാത്തിരിപ്പിന് വിട; ബേഡകത്തെ നാരായണിക്ക് പട്ടയമായി

ബേഡകം: ബേഡകം പഞ്ചായത്തിലെ നാരായണിക്ക് 62 വർഷത്തെ കാത്തിരിപ്പിനൊടുവിൽ പട്ടയമായി. സർക്കാർ കരുതലിൽ ലാന്റ് ട്രിബ്യൂണൽ പട്ടയമാണ് ഇവർക്ക് ലഭിച്ചത്. നാരായണിയുടെ ഭർത്താവ് എലിമ്പൻ നേരത്തെ മരണപ്പെട്ടിരുന്നു. ഇവരുടെ മൂന്ന് മക്കളും കൂലിപ്പണിക്കാരാണ്.

കുടിയേറിയ ഭൂമിയിൽ വീട് വെച്ച് കഴിയുമ്പോഴും പട്ടയമില്ലാത്തത് വലിയ ബുദ്ധിമുട്ടായിരുന്നു.ബേഡകം കാനോത്തിലെ കമലാക്ഷിക്ക് സർക്കാർ കനിവിൽ 18 സെന്റ് ബേഡകം കാനോത്തിലെ 60 കാരിയായ കമലാക്ഷിക്കും കോടോംബേളൂരിലെ സുജാതയ്ക്കും പട്ടയം നൽകി.

കുണ്ടുംകുഴിയും നിറഞ്ഞ് യാത്ര ദുസ്സഹമായ ചെർക്കള- ബദിയഡുക്ക റോഡ്

രണ്ടു കുടുംബങ്ങൾക്ക് കൈത്താങ്ങായി കാഞ്ഞങ്ങാട് ടൗൺ ലയൺസ് ക്ലബ്ബ്

കാഞ്ഞങ്ങാട്: രോഗം കൊണ്ടും സാമ്പത്തിക പ്രയാസം മൂലവും കഷ്ടത അനുഭവിക്കുന്ന മടിക്കൈ മേക്കാട്ടെ യും എണ്ണപ്പാറ അയ്യങ്കാവ് റോഡ് കാലിച്ചാൻപാറയിലെയും ഓരോ കുടുംബങ്ങൾക്കു കാഞ്ഞങ്ങാട് ടൗൺ ലയൺസ് ക്ലബ് സഹായങ്ങൾ എത്തിച്ചു. മടിക്കൈ മേക്കാട്ടെ രാജൻ-ബിന്ദു ദമ്പതികൾക്കും ഏഴാം മൈൽ അയ്യങ്കാവ് റോഡ് കാലിച്ചാൻ പാറയിലെ 3 സ്ത്രീകളടങ്ങുന്ന ശാന്തയുടെ കുടുംബത്തിനുമാണ് സാധനങ്ങൾ എത്തിച്ചു നൽകിയത്. രഞ്ജു മാരാർ, ആന്റോ, ലയൺ ബാബു രാജ്, ലയൺ പ്രജീഷ് കൃഷ്ണൻ നേതൃത്വം നൽകി.

കാഞ്ഞങ്ങാട് ടൗൺ ലയൺസ് ക്ലബ്ബ് നിർദ്ധന കുടുംബങ്ങൾക്ക് ഭക്ഷ്യ സാധനങ്ങൾ എത്തിച്ചു നൽകുന്നു

പുസ്തക വിതരണം

കാസർകോട്: വിവര പൊതുജന സമ്പർക്ക വകുപ്പ് തയ്യാറാക്കിയ സർക്കാർ ധനസഹായ പദ്ധതികളുടെ കന്നഡ, മലയാളം പുസ്തകവും പിണറായി വിജയൻ സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ടും ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ സൗജന്യമായി ലഭിക്കും. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പൊതുജനങ്ങൾക്ക് കൈപ്പറ്റാമെന്ന് അറിയിച്ചു.

സ്മാർട്ട് ക്ലാസ്സ് റൂം ഉദ്ഘാടനം ചെയ്തു

കാസർകോട്: ചാത്തങ്കൈ ഗവൺമെന്റ് എൽ പി സ്കൂളിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച സ്മാർട്ട് ക്ലാസ്സ് റൂം പഞ്ചായത്ത് പ്രസിഡന്റ് കല്ട്ര അബ്ദുൾഖാദർ ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ മണികണ്ഠൻ ആധ്യക്ഷം വഹിച്ചു. ഷാസിയ. സി. എം, മണി. എ വി, പ്രീത, രജനി, പ്രീത, രജിത, ഫൗസിയ പങ്കെടുത്തു.

ചാത്തങ്കൈ ഗവ.എൽ.പി സ്കൂൾ സ്മാർട്ട് ക്ലാസ് റൂം ഉദ്ഘാടന ചടങ്ങ്